**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2872** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. പി. ഉബൈദുള്ള | | ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br><br>ലൈഫ് മിഷൻ മുഖേന ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഭൂരഹിത-ഭവനരഹിതരായ 86,784 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് ഭൂരഹിത-ഭവനരഹിതരായ 6242 പട്ടികവർഗ്ഗ കുടുംബങ്ങളും ഭൂമിയുള്ള ഭവനരഹിതരായ 10777 പട്ടികവർഗ്ഗ കുടുംബങ്ങളുമാണുള്ളത്. |
| (ബി) | സ്ഥലവും വീടും ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നത് ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്. ഭവന നിർമ്മാണ ധനസഹായം ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി ലഭ്യമാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. അതിദരിദ്രപട്ടികയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗക്കാരിൽ ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും അനുവദിക്കുന്നു. ആദിവാസി പുനരധിവാസ വികസന |

| | | | |
|---|---|---|---|
| | | | **മിഷൻ മുഖേന ഭൂമി ലഭ്യമാക്കുന്നവർക്ക് മിഷൻ മുഖേന തന്നെ ഭവന നിർമ്മാണത്തിനുള്ള ധനസഹായവും നൽകുന്നു. ഭവനരഹിതർക്ക് ലൈഫ് മിഷൻ മുഖേനയാണ് വീടിനുള്ള ധനസഹായം അനുവദിക്കുന്നത്.** |
| (സി) | ഭൂരഹിതരും ഭവനരഹിതരുമായ പ്രസ്തുത വിഭാഗക്കാർക്ക് സ്ഥലവും വീടും എന്നത്തേക്ക് അനുവദിച്ച് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദീകരിക്കുമോ? | (സി) | **ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഭൂമി ലഭ്യമാക്കുന്നതിന് ധനസഹായം അനുവദിക്കുന്നതാണ്.**<br><br>**ഭവന നിർമ്മാണ ധനസഹായമായി സർക്കാർ ഓരോ വർഷവും 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന പ്രസ്തുത തുക ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികൾക്ക് നൽകി വരുന്നു. 2021 മെയ് മുതൽ 2025 സെപ്റ്റംബർ 16 വരെ ആകെ 1,55,621 പട്ടികജാതി കുടുംബങ്ങൾ ഭവന നിർമ്മാണത്തിന് കരാർ വയ്ക്കുകയും 1,24,002 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.**<br><br>**ഈ സർക്കാരിന്റെ കാലത്ത് തന്നെ പരമാവധി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിവരുന്നത്.** |

സെക്ഷൻ ഓഫീസർ